CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.christianmusicologicalsocietyofindia.com

## ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ശതാബ്ദി

### അസ്സീസി നഗർ

ആലുവാ

1988 നവം. 25, 26, 27

# തിരുക്കർമ്മഗീതങ്ങൾ

ഗായകർ

എഫ്. സി. സി. സിസ്റ്റേഴ്സ്

സംഗീതസംവിധാനം

ഫാ. ജോസഫ് പാലയ്ക്കൽ, C. M. I.

www.christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഗാനം

## 1. വരുന്നു ഞങ്ങൾ

വരുന്നു ഞങ്ങൾ വരുന്നു ഞങ്ങൾ
നാഥാ നിന്നെ പിന്തുടരാനായ്.

പ്രപഞ്ചമഖിലം ത്യജിച്ചു കുരിശും
വഹിച്ചു കന്യകമാർ
വരുന്നു ഞങ്ങൾ കുരിശിൻ പാവന
പാതപുണർന്നിടുവാൻ.
വരുന്നു ഞങ്ങൾ ...

വിടർന്നുതെളിയും വിളക്കു കൈകളി-
ലെടുത്തു ഞങ്ങളിതാ
വരുന്നു നാഥാ നിന്നുടെ വരവിനു
വഴികളൊരുക്കിടുവാൻ വരുന്നു ഞങ്ങൾ ...

ഉരുകി ഉരുകി എരിഞ്ഞുനിർമ്മല
ബലിയായ് തീർന്നിടുവാൻ
നിരന്തയാഗമായ് അനുദിനം നിന്നി-
ലലിഞ്ഞുചേർന്നിടുവാൻ
വരുന്നു ഞങ്ങൾ ...

കല്ലും മുള്ളും നിറഞ്ഞ വഴിയെ
കുതിച്ചു മുന്നേറാൻ
കരയും കടലും കടന്നു മംഗള
ദീപ്തി പരത്തിടുവാൻ വരുന്നു ഞങ്ങൾ ...

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.christianmusicologicalsocietyofindia.com

നിറഞ്ഞുമോദം തുളുമ്പി നിൽക്കും
കുരുന്നു ഹൃദയങ്ങൾ
പറന്നു സന്നിധിയണഞ്ഞു നിർവൃതി–
യടഞ്ഞുകൊൾവതിനായ്
വരുന്നു ഞങ്ങൾ ...

മനോജ്ഞമാം നിൻ വിളിയുടെ ശബ്ദം
മുഴങ്ങി നിൽക്കുന്നു
പറന്നു മാനസമുയന്നു മാധുരി
നുകന്നു നിൽക്കുന്നു. വരുന്നു ഞങ്ങൾ ...

## 2. ജയതാതാ

ജയതാതാ ജയപുത്രാ
ജയ ആത്മാ ജഗദീശാ
അഖിലേശാ പരനീശാ – നീ
അവനിയിൽ മാനവനാശാ ജയതാതാ ...

നന്ദിയെഴും സ്തുതി പാടി – തവ
സന്നിധിചേന്നു വണങ്ങാം – ഈ
മംഗളജൂബിലിനാളിൽ – പുരു
മോദമൊടെ ബലിയേകാം ജയതാതാ...

തവമൊഴി തവതിരുരൂപം – ഇരുൾ
വീഥികളിൽ മണിദീപം – നിൻ
തിരുമുഖ ദശ്നഭാഗ്യം – ഈ
മഹിയിൽ സുരസൗഭാഗ്യം ജയതാതാ ...

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.christianmusicologicalsocietyofindia.com

തംബുരുതന്ത്രികരം മീട്ടി – ജയ
മംഗളഗാനം പാടാം – ഈ
സർവ്വചരാചരമൊന്നായ്
സകലേശനു ഗീതികരം പാടാം
ജയതാതാ ...

പരമാരാധനയായി – ഈ
ജീവിതമൊരുബലിയേകാം
അനുദിനമവിടുന്നേകും – സൽ
കൃപകളെയോർത്തു വണങ്ങാം ജയതാതാ ...

ശതവത്സരമായ്തന്ന – വര
ദാനമതോർത്തു നമിക്കാം
തവതിരുനാമം വാഴ്ത്താം – നിൻ
മഹിമകളെങ്ങുമുണർത്താം ജയതാതാ ...

## 3. സർവ്വാധിപനാം

സർവ്വാധിപനാം കർത്താവെ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു

മർത്ത്യനു നിത്യ മനോഹരമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി–
നുത്തമരക്ഷയുമേകുന്നു.

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 4. ശബ്ദമുയർത്തി

ശബ്ദമുയർത്തിപ്പാടീടുവിൻ
സർവ്വരുമൊന്നായ്പ്പാടീടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തീടുവിൽ

സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

## 5. അരൂപാ മഹാത്മാ

അരൂപാ മഹാത്മാ
ചിത് ആനന്ദ സാരാ
അവിദ്യാവിരുദ്ധം
വിവേകം തരൂ നീ

തമസിൻ കൃതാന്താ
തരൂ നീ പ്രകാശം
അജാതാ നിതാന്താ
സുചൈതന്യമേകൂ

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 6. നിത്യസനാതനമാം

നിത്യസനാതനമാം വിളിയുടെ ശബ്ദമിതാ
ദാസരല്ലിനിമേൽ സ്നേഹിതരായ് നിങ്ങൾ (2)

ത്യാഗമനോഹരമാം
ജീവിതവനികയിലെ
വാടാമലരുകളായ് ഞങ്ങളിറങ്ങട്ടെ (2)
നിത്യ...

സ്വാർത്ഥത്തിന്നിരുൾ നീക്കി
സ്നേഹത്തിന്നൊളിവീശി
നവമൊരുകാന്തിയുമായ് ഞങ്ങളിറങ്ങട്ടെ (2)
നിത്യ ...

നിർമ്മലമാനസരായ് സത്യമിയന്നവരായ്
പാരിൽ പ്രഭചൊരിയാൻ ഞങ്ങളിറങ്ങട്ടെ (2)
നിത്യ ...

അർപ്പിതമാനസരായ് സ്നേഹമിയന്നവരായ്
ക്രൂശിൻ പാതയതിൽ ഞങ്ങളിറങ്ങട്ടെ (2)
നിത്യ ...

ധരതൻ ലവണമതായ് പാരിൻ
ദീപമതായ്
സഭയുടെ സേവകരായ് ഞങ്ങളിറങ്ങട്ടെ (2)
നിത്യ ...

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 7. നിർവൃതി

നിർവ്വൃതിയേകുന്നോനെ
നിർമ്മലനായവനെ
നിൻെറ നാമം എത്രമനോഹരം
നിൻരാജ്യം നിത്യസനാതനം
നിർവ്വൃതി ...

ആത്മനാഥാ നിന്നിൽ എല്ലാം സമർപ്പിച്ച
ആനന്ദലീനരായ് വന്നു നിൽപ്പൂ
ത്യാഗമനോഹരജീവിതം പുൽകുവാൻ
ലോകസൗഭാഗ്യങ്ങൾ സംത്യജിച്ച
നിർവ്വൃതി ...

പാവനമീ ബലിവേദിയിലർപ്പിക്കും
ഹോമയാഗം ധന്യമാക്കീടുവാൻ
വത്സലരാം പ്രിയജനമെ
ആശിഷമേകി അനുഗ്രഹിക്കു
നിർവ്വൃതി ...

## 8. യാജകം

യാജകം യജനദ്രവ്യം
നിത്യം യജ്ഞ ഭുജം ഭജേ ഭജേ
പാപഘ്നം പാപരഹിതം
ലോകപാപവഹം പരം

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

[ ബലിസമപ്പകനും ബലിവസ്തുവും ബലിഭോക്താവും പാപനാശകനും പാപരഹിതനും ലോകപാപങ്ങളെ വഹിച്ചവനുമായ പരനെ ഞാൻ ഭജിക്കുന്നു. ]

(''ക്രിസ്തു സഹസ്ര നാമ''ത്തിൽനിന്നു്)

## 9. പാവനാത്മാവെ

പാവനാത്മാവെ നീ വരേണമെ
മാനസ മണിക്കോവിലിൽ
നായകാ ഞങ്ങൾ മോദമോടങ്ങേ
സ്നേഹസംഗീതം പാടുന്നു.

നിൻപ്രകാശത്തിൻ രശ്മിയാൽ എൻെറ
അന്ധകാരമകററണെ
നിൻെറ ചൈതന്യ ശോഭയാലുള്ളം
സുന്ദരമാക്കി തീർക്കണെ
പാവനാത്മാവെ . . .

മോടിയില്ലാത്തതൊക്കെ സ്വർഗ്ഗീയ
മോടിയുള്ളതായ് മാററണെ
പീഢകളേതും ധീരമായ് ഏററുക്കാൻ
ശേഷിയും ഞങ്ങൾക്കേകണെ
പാവനാത്മാവെ . . .

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 10. സ്വീകരിക്കണമെ

സ്വീകരിക്കണമേ എന്നെ സ്വീകരിക്കണമേ

ധൂപദീപങ്ങളും എൻെറ ത്യാഗസൂനങ്ങളും
ജീവിതാശകളും എൻെറ ജീവസ്പന്ദനവും

സ്വർഗ്ഗചിന്തകളും എൻെറ സദ്ഗ്ഗശക്തികളും
സർവ്വശക്തികളും എൻെറ സർവ്വ ഭാഗ്യങ്ങളും

സ്നേഹകർമ്മങ്ങളും എൻെറ സത്ത്വികാരങ്ങളും
ദേഹിദേഹങ്ങളും എൻെറ ജീവസർവ്വസ്വവും

## 11. ഓശാന

ഓശാന – ഓശാന
ഓശാനാ – ഈശനു സതതം

പരിശുദ്ധൻ – പരിശുദ്ധൻ
പാടുന്നു വാനവരഖിലം ഓശാന ..

പരിശുദ്ധൻ – പരിശുദ്ധൻ
ചേരുന്നു മാനവഗണവും ഓശാന ..

പരിശുദ്ധൻ പരമപിതാവിൻ
അരുമസുതൻ അനുപമനാഥൻ ഓശാന ..

കർത്താവിൻ തിരുനാമത്തിൽ
വരുവോനെ – ഓശാന ഓശാന ..

www.christianmusicologicalsocietyofindia.com

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 12. വിണ്ണിൽനിന്നു്

വിണ്ണിൽനിന്നു സമാഗതമായൊരു
ജീവദായകമപ്പം ഞാൻ
സ്നേഹമോടതു സ്വീകരിപ്പവർ
എന്നുമെന്നും ജീവിക്കും

ഞങ്ങൾ കാൺമൂ ദിവ്യശരീരം
വൈദികന്റെ കരങ്ങളിൽ
അന്തികത്തിൽ മാലാഖാമാർ
കൈകൾ കൂപ്പി വണങ്ങുന്നു

## 13. ഈശ്വരവചനം

ഈശ്വരവചനമെൻ ആത്മാവിനമൃതം
ഈശ്വരദർശനം ആനന്ദം

ഈശ്വര മൗനമെൻ ആത്മാവിൻ നാദം
ഈശ്വരനാദമെൻ സംഗീതം ഈശ്വര ..

ഈശ്വരരൂപമെൻ ആത്മാവിൻ രൂപം
ഈശ്വരസാന്നിദ്ധ്യം സാമീപ്യം ഈശ്വര ..

ഈശ്വര ജീവനെൻ ആത്മാവിൻ ജീവൻ
ഈശ്വരലയനമെൻ സായൂജ്യം ഈശ്വര ..

ഈശ്വര സ്നേഹമെൻ ജീവിതസാരം
ഈശ്വരപ്രാപ്തിയെൻ സൗഭാഗ്യം ഈശ്വര ..

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 14. ഈശ്വരാ എന്നെ

ഈശ്വരാ എന്നെ നിൻ ശബ്ദമാക്കു
ശബ്ദതരംഗിത ഗീതമാക്കു

ഈശ്വരാ എന്നെ നിൻ വീണയാക്കു
വീണയിൽ മീട്ടുന്ന രാഗമാക്കു

ഈശ്വരാ എന്നെ നിൻ രൂപമാക്കു
രൂപത്തിൽ കാണുന്ന ഭാവമാക്കു

ഈശ്വരാ എന്നെ നിൻ ശോഭയാക്കു
ശോഭിത സുന്ദര ദീപമാക്കു

ഈശ്വരാ എന്നെ നിൻ ഗേഹമാക്കു
ഗേഹത്തിൽ നീ വന്നു വാസമാക്കു.

## 15. നന്ദിയെഴും

നന്ദിയെഴും നൽസ്തുതികം പാടി
നിന്നെ വണങ്ങുന്നു – നാഥാ
നിന്നെ വണങ്ങുന്നു

ഓ . . നാഥൻ വന്നു
സ്നേഹത്തിൻ ദാനം തന്നു
എന്നുള്ളിൽ വാസം ചെയ്തു
പാടാം പാടാം തവകൃപസതതം

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.christianmusicologicalsocietyofindia.com

തിരുനിണമേകി തിരുമെയ് ഏകി
നവജീവൻ നല്കി – നാഥൻ
നവജീവൻ നല്കി ഓ . . നാഥൻ

മഹിമ വെടിഞ്ഞു മഹിയിൽ വന്നു
മനുജനിൽ വാഴുന്നു – നാഥൻ
മനുജനിൽ വാഴുന്നു ഓ . . നാഥൻ

എൻമനതാരിൽ സ്നേഹസ്വരൂപൻ
ശാന്തിപകർന്നല്ലോ – നാഥൻ
ശാന്തിപകർന്നല്ലോ ഓ . . നാഥൻ

## 16. ജ്യോതിസ്വരൂപാ

ജ്യോതിസ്വരൂപാ നമോ നമ:
ജീവസ്വരൂപാ നമോ നമ:
ചൈതന്യ രൂപാ നമോ നമ:

സ്നേഹസ്വരൂപാ നമോ നമ:
ജ്ഞാനസ്വരൂപാ നമോ നമ:
പാവനരൂപാ നമോ നമ:

സത്യസ്വരൂപാ നമോ നമ:
ചിത്തസ്വരൂപാ നമോ നമ:
ആനന്ദരൂപാ നമോ നമ:

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.christianmusicologicalsocietyofindia.com

ശാന്തിസ്വരൂപാ നമോ നമ:
തേജസ്വരൂപാ നമോ നമ:
കാരുണ്യരൂപാ നമോ നമ:

നന്മസ്വരൂപാ നമോ നമ:
ഉണ്മസ്വരൂപാ നമോ നമ:
ചിന്മയരൂപാ നമോ നമ:

ജ്യോതിസ്വരൂപാ ..

## 17. അങ്ങേ സമാധാന

അങ്ങേ സമാധാന ദൂതനായ് നാഥാ
കനിവോടെന്നെ അയക്കേണമെ
അങ്ങേ സ്നേഹസുധാരസമൊഴുകും
ഒരുകൊച്ചു ചാലായ് ഞാൻ വളർന്നിടട്ടെ

വിദ്വേഷഹൃത്തിൽ സ്നേഹം വിതക്കാനും
തെററു ചെയ്തോർക്കെന്നും മാപ്പു നൽകീടാനും
സംശയഗ്രസ്തരെ നേരേ നയിക്കാനും
ദൂതുമായ് എന്നെ അയക്കേണമെ അങ്ങേ . .

നൈരാശ്യ ഹൃത്തിൽ ആശവിതക്കാനും
അന്ധകാരത്തിൽ പ്രകാശം പരത്താനും
സന്താപഹൃത്തിൽ സന്തോഷം പകരാനും
ദൂതുമായ് എന്നെ അയക്കേണമെ
അങ്ങേ . .

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആശ്വാസം തേടാതെ ആശ്വസിപ്പിക്കാനും
സ്വാതന്ത്ര്യമെന്നിയെ മനസ്സിലാക്കീടാനും
സ്നേഹം തേടാതെ സ്നേഹം നൽകാനും
ദൂതുമായ് എന്നെ അയയ്ക്കേണമെ അങ്ങേ ..

നൽകുമ്പോഴാണ് ലഭിക്കുന്നതെന്നും
ക്ഷമിക്കുമ്പോഴം മാത്രം ക്ഷമിക്കപ്പെടുമെ
മെന്നും
മരിക്കുമ്പോഴാണ് ജനിക്കുന്നതെന്നും
ദൂതനാമെന്നെ പഠിപ്പിക്കണേ അങ്ങേ ..

## 18. ദൈവമേ നന്ദി

ദൈവമേ നന്ദിയോടങ്ങയെ വാഴ്ത്തുന്നു
തിരുനാമകീർത്തനം പാടിടുന്നു

കനിവാൻ ഞങ്ങളെ സൃഷ്ടിച്ച ദിവ്യമാം
കുരിശിനാൽ ഞങ്ങളെ രക്ഷിച്ച നീ
പാപത്തിൽ താഴാതെ പാദങ്ങൾ പതറാതെ
പാലിച്ച പരിശുദ്ധി പകരുന്ന നീ
ദൈവമേ ..

കരകാണാതലയുമ്പോളലിവോടു നിൻദിവ്യ
കരമേകി ഞങ്ങളെ ഉദ്ധരിച്ച
ഭുവനത്തിൻ പറുദീസ പുലരുന്ന സന്യാസ -
ഭവനത്തിൻ വാതിൽ തുറന്നു നല്കി ദൈവമേ..

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA



www.christianmusicologicalsocietyofindia.com

പാവനാത്മ ! ത്രിയേക ദൈവമേ
സ്തോത്രമെന്നുമെന്നേയ്ക്കുമേ
ലോകമാകവേ പാവനംസഭ
കീർത്തിക്കുന്നങ്ങേ സാദരം

5. പ്രാഭവമെഴും രാജനാണുനീ
ക്രിസ്തുനാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ
ദിവ്യനാം സൂനുവാണുനീ
മർത്ത്യരക്ഷയ്ക്കായ് കന്യകയിൽ നി –
ന്നങ്ങു മന്നിടേ ജാതനായ്.

6. മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ്
സ്വർഗ്ഗവാതിൽ തുറന്നഹോ
ദൈവത്തിൻെറ വലത്തുഭാഗത്തായ്
വാഴ്‌വു നീ ഭവ്യശോഭയിൽ
അങ്ങുതാൻ വിധിയാളനായ് വരു –
മെന്നും വിശ്വസിക്കുന്നിവർ.

7. നിന്നനഘമാം ശോണിതത്തിനാൽ
വീണ്ടെടുത്തൊരീ ദാസരിൽ
നിൻകൃപാമൃതം ചിന്തണേയെന്നും
യാചിപ്പൂ ഞങ്ങൾ സാദരം
നിത്യാനന്ദത്തിലങ്ങേ സ്നേഹിത –
രൊത്തു ചേരാൻ കനിയണേ

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാത്തീട്ട നാഥാ നിൻ ജനങ്ങളെ
ആശിസ്സേകണേ നിത്യവും
നീ ഭരിക്കുക നിൻജനങ്ങളെ
ഉന്നതതിയവക്കേകണേ
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ
പാവനനാമവും നാഥാ

ഇന്നു ഞങ്ങളിൽ പാപമേശായ്‌വാൻ
നിന്നനുഗ്രഹം നൽകണേ
ആശ്രയിച്ചവർ തീവ്രമായ് അങ്ങിൽ
തിങ്ങും കാരുണ്യം പുൽകുവാൻ
അപ്പിച്ച നിന്നിലാശസർവ്വവും
ലേശം ലജ്ജിക്കയില്ല ഞാൻ

---

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.christianmusicologicalsocietyofindia.com

## ACKNOWLEDGEMENTS

| | ഗാനം | രചന | സംഗീതം |
|---|---|---|---|
| 1 | വരുന്നു ഞങ്ങൾ | ഫാ. ആബേൽ CMI | ഫാ. ജോസഫ് പാലയ്ക്കൽ CMI |
| 2 | ജയതാതാ | ഫാ. സെബാസ്റ്റ്യൻ എലവുത്തിങ്കൽ CMI & ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് | ഫാ. സെബാസ്റ്റ്യൻ എലവുത്തിങ്കൽ CMI |
| 3 | സർവ്വാധിപനാം | ഫാ. ആബേൽ CMI | ഫാ. ജോസഫ് പാലയ്ക്കൽ CMI |
| 4 | ശബ്ദമുയത്തി | ,, | ,, |
| 5 | അരൂപാമഹാത്മാ | ഫാ. തോമസ് കൊച്ചുമുട്ടം CMI | ഫാ. തോമസ് കണ്ടത്തിൽ CMI |
| 6 | നിത്യസനാതന | | |
| 7 | നിർവൃതിയേകും | | |
| 8 | യാജകം | (Late) ഷെ. ഐ. സി. ചാക്കോ | ഫാ ആന്റോ അമർനാദ് CMI |
| 9 | പാവനാത്മാവേ | | സി. സുഷമ FCC |
| 10 | സ്വീകരിക്കണമെ | സി. ഷീല CMC | സി. ഷീല CMC & ഫാ. ജോസഫ് പാലയ്ക്കൽ |
| 11 | ഓശാന | ഫാ. കുനിയന്തോടത്ത് CMI & ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് | ഫാ. ജോസഫ് പാലയ്ക്കൽ CMI |

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

| | ഗാനം | രചന | സംഗീതം |
|---|---|---|---|
| 12 | വിണ്ണിൽനിന്നു് | ഫാ. ആബേൽCMI | ജെറിഅമൽദേവ് |
| 13 | ഈശ്വരവചനമെൻ | സി. ഷീല CMC | സി. ഷീല CMC & ഫാ. ജോസഫ് പാലയ്ക്കൽCMI |
| 14 | ഈശ്വരാ എന്നെ | ,, | ,, |
| 15 | നന്ദിയെഴും | ഫാ. പാലയ്ക്കൽ & ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് | ഫാ. ജോസഫ് പാലയ്ക്കൽ |
| 16 | ജ്യോതിസ്വരൂപാ | ഫാ. ജോസഫ് പാലയ്ക്കൽ CMI | ,, |
| 17 | അങ്ങേ സമാധാനദൂതനായ് | ഫാ. പോൾ OFM Cap. | ഫാ. പോൾ OFM Cap. |
| 18 | ദൈവമേ നന്ദി | ഫാ. ആബേൽCMI | (Late) K K ആൻറണി |
| 19 | രക്ഷാസുവിശേഷം | ഫാ. ജോസഫ് മനയ്ക്കിൽ CMI | ഫാ. ജോസഫ് പാലയ്ക്കൽ CMI |
| 20 | ദൈവമേ ഞങ്ങൾ | വറുഗീസ് മാളിയേയ്ക്കൽ, ഫാ. മാത്യു വെള്ളാനിക്കൽ, ഫാ. മാത്യു നടയ്ക്കൽ | ജോബ് & ജോർജ്ജ് |

www.christianmusicologicalsocietyofindia.com

www.christianmusicologicalsocietyofindia.com